**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3197** **11-03-2025 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ കംപ്യൂട്ടർ ഉപകരണങ്ങളുടെ പരിപാലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ലഭ്യമാക്കിയ കംപ്യൂട്ടർ ഉപകരണങ്ങൾ ഉപയോഗശൂന്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കംപ്യൂട്ടർ ഇല്ലാതെ കുട്ടികളുടെ പഠനം മുടങ്ങുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ സർക്കാരിന്റെ വിവിധ പദ്ധതികൾ, എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, സന്നദ്ധ സംഘടനകൾ, പി.ടി.എ. എന്നിവ വഴി ഓരോ സ്കൂളിലും എത്ര കംപ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ടെന്നും വിശദമാക്കാമോ; വിശദമായ കണക്ക് പട്ടിക തിരിച്ച് നൽകാമോ; | (സി) | സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ സർക്കാരിന്റെ വിവിധ പദ്ധതികൾ, എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, സന്നദ്ധ സംഘടനകൾ, പി.ടി.എ. എന്നിവ വഴി ഓരോ സ്കൂളിലും എത്ര കംപ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ടെന്നുമുള്ള കണക്കു അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | ഇത്തരത്തിൽ ലഭിച്ച കംപ്യൂട്ടറുകളുടെയും ലാപ്ടോപ്പുകളുടെയും വാർഷിക പരിപാലനം ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്നും അവരുടെ പ്രവർത്തനം എങ്ങനെയാണെന്നും വിശദമാക്കാമോ? | (ഡി) | ഐ.ടി.@ സ്കൂൾ മുഖേനയല്ലാതെ ലഭ്യമായ കമ്പ്യൂട്ടറുകളുടെയും ലാപ്ടോപ്പുകളുടെയും വാർഷിക പരിപാലനം അതാത് സ്കൂളുകൾ തന്നെയാണ് ചെയ്തുവരുന്നത്. കെൽട്രോൺ മുഖേന ലഭ്യമാക്കിയ കമ്പ്യൂട്ടറുകൾക്ക് 5 വർഷം വാറണ്ടി നൽകി കെൽട്രോൺ പരിപാലനം ചെയ്തു വരുന്നു.<br><br>സ്കൂളുകൾക്ക് കൈറ്റ് ലഭ്യമാക്കിയ ഉപകരണങ്ങൾക്ക് 5 വർഷ വാറണ്ടി അവസാനിക്കുന്ന മുറയ്ക്ക് ലാപ്ടോപ്പുകൾക്ക് ടെണ്ടർ വിളിച്ച് AMC സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്. 2023-24 ൽ ഹൈടെക് സ്കൂൾ പദ്ധതിയിലെ 32,278 ഉം ഹൈടെക് ലാബ് പദ്ധതിയിലെ 1,831 ഉം ലാപ്ടോപ്പുകളും 42,866 പ്രൊജക്ടറുകളും 2024-25 ൽ ഹൈടെക് സ്കൂൾ പദ്ധതിയിലെ 60,120 ഉം ഹൈടെക് ലാബിലെ 2,057 ഉം ലാപ്ടോപ്പുകളും ടെണ്ടർ പ്രക്രിയയിലൂടെ തെരഞ്ഞെടുത്ത M/s. Puthur Infotech Pvt. Ltd. നേയും 2024-25 ൽ ഹൈടെക് ലാബ് പദ്ധതിയിലെ |

| | | | |
|---|---|---|---|
| | | | 54,916 ലാപ്ടോപ്പുകൾ M/s. Misuvi Sales Co.-യേയും ഹൈടെക് സ്കൂൾ പദ്ധതിയിലെ 66,209 ലാപ്ടോപ്പുകൾ M/s. Excel Systems-നേയും ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവയുടെ വാർഷിക പരിപാലനത്തിന് ഏൽപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| **ജില്ല** | **സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ലഭിച്ച കമ്പ്യൂട്ടർ/ലാപ്ടോപ്പുകൾ എണ്ണം.** | | | | **പ്രവർത്തന സജ്ജമായവ** | **പ്രവർത്തന സജ്ജമല്ലാത്തവ** |
|---|---|---|---|---|---|---|
| | സർക്കാർ പദ്ധതികൾ വഴി | MLA ഫണ്ട് | MP ഫണ്ട് | മറ്റുള്ളവ | | |
| തിരുവനന്തപുരം | 1463 | 209 | 110 | 2224 | 3419 | 587 |
| കൊല്ലം | 3645 | 386 | 121 | 466 | 4456 | 175 |
| പത്തനംതിട്ട | 2518 | 87 | 58 | 512 | 2848 | 327 |
| ആലപ്പുഴ | 1818 | 269 | 131 | 423 | 2173 | 468 |
| കോട്ടയം | 3120 | 578 | 98 | 1278 | 4355 | 719 |
| ഇടുക്കി | 4642 | 421 | 97 | 17 | 4454 | 963 |
| എറണാകുളം | 2316 | 695 | 103 | 324 | 3187 | 251 |
| തൃശ്ശൂർ | 5947 | 1104 | 318 | 2016 | 7824 | 1561 |
| പാലക്കാട് | 0 | 32 | 85 | 230 | 338 | 9 |
| മലപ്പുറം | 2366 | 762 | 530 | 9544 | 11214 | 1988 |
| കോഴിക്കോട് | 6321 | 296 | 559 | 363 | 6337 | 1202 |
| വയനാട് | 3234 | 231 | 56 | 53 | 2964 | 610 |
| കണ്ണൂർ | 8709 | 2271 | 782 | 3135 | 11971 | 2926 |
| കാസർഗോഡ് | 4994 | 622 | 112 | 574 | 5637 | 1288 |